12. വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൌകര്യങ്ങൾ നല്ല രീതിയിൽ മെച്ചപ്പെടുത്തുന്നതിന് മുൻകാല പദ്ധതികളിലൂടെ നമുക്ക് സാധിച്ചിട്ടുണ്ട്. എങ്കിലും പൊതുസമൂഹത്തിന് സ്വകാര്യ വിദ്യാഭ്യാസത്തോടുള്ള സ്വീകാര്യത വർദ്ധിച്ചിട്ടുള്ളത് പൊതുവിദ്യാഭ്യാസത്തിൻറെ ഗുണതയെ ചോദ്യം ചെയ്യുന്ന രീതിയിലേക്കുയർന്നിട്ടുണ്ട് എന്ന വസ്തുത നമുക്ക് വിസ്മരിക്കാൻ സാധിക്കു കയില്ല. പൊതുവിദ്യാലയങ്ങളിൽ ഈ കാലത്തുണ്ടായ കുട്ടികളുടെ എണ്ണത്തിൽ വന്നിരിക്കുന്ന ഗണ്യമായ കുറവും അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ വർദ്ധനവും ഇതിൻറെ സൂചികകളായി പരിഗണിക്കാം. പൊതുവിദ്യാലയത്തിൻറെ ഗുണത ഉയർത്തുന്നതിൽ നമ്മുടെ മുൻ കൈ പരിമിതമായിരുന്നു എന്നത് പ്രധാന ഘടകമാണ് ഈ പ്രശ്നങ്ങൾ പരിഹരിച്ച് കേരള വിദ്യാഭ്യാസ മോഡൽ ഉയർത്തിപിടിക്കുന്നതിനാണ് സർക്കാർ നവകേരളമിഷനിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന മിഷൻ വിഭാവനം ചെയ്തിരിക്കുന്നത്. സാമൂഹ്യനീതി, തുല്യത അവസര ലഭ്യത, മതേതരതത്വം എന്നീ പൊതുസമൂഹത്തിൻറെ നിലനിൽപ്പിനാധാരമായ തത്വങ്ങൾ ഉയർത്തിപിടിക്കുന്നതിനും ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും നാം ലക്ഷ്യമിടുന്നു

13. ഏത് ഒറ്റപ്പെട്ട പ്രദേശത്തേക്കും വളർന്നിരിക്കുന്ന റോഡ് ശൃംഗല അടിസ്ഥാന വികസനത്തിൻറെ അളവ് കോലായി പരിഗണിക്കാം. അടിസ്ഥാന സൗകര്യവികസന മേഖലയിൽ റോഡ് ശൃംഖലയിലുണ്ടായ വിപുലീകരണം, ജനകീയാസൂത്രണ കാലഘട്ടത്തിൽ പദ്ധതി പ്രവർത്തനത്തിൽ നിന്നും അകന്നു നിന്ന മധ്യ–ഉപരി വർഗ്ഗത്തിൽപ്പെട്ടവർക്കും ഉപകാരപ്രദമായിട്ടുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. ലഭ്യമായ ഫണ്ടിൽ നിന്നും സിംഹഭാഗവും അടിസ്ഥാന സൗകര്യ വികസനത്തിനായി മാറ്റിവെക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചു എന്ന് അഭിമാനത്തോടെ ഓർക്കാവുന്നതാണ്.

# അദ്ധ്യായം 3

## പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

### കാർഷിക മേഖല

1. കേരളത്തിൽ വികസനത്തിൻറെ ഭാഗമായ സർവ്വീസ് മേഖലയുടെ വളർച്ച മൂലം കാർഷികോല്പാദനോപാധിയായ ഭൂമിയുടെ ഉടമസ്ഥരായിരുന്ന ഒരു വലിയ വിഭാഗം ജനങ്ങൾ സേവനമേഖലാ തൊഴിലുകളിൽ എത്തപ്പെട്ടു. എന്നാൽ സർക്കാർ ജോലി ലഭ്യമായ ശേഷവും ഇവർ കൃഷിഭൂമിയുടെ ഉടമകളായി തുടർന്നു. ചുരുക്കി പറഞ്ഞാൽ കൃഷിയിൽ മുൻഗ ണനാതാല്പ്പര്യം ഇല്ലാത്തവരുടെ കയ്യിൽ ഭൂ ഉടമസ്ഥത നിലനിന്നു.

2. ഗവൺമെൻറ് തലത്തിൽ നൽകിയിരുന്ന പ്രത്യേക കാർഷിക സംരക്ഷണങ്ങൾ ഇല്ലാതെയായി. കാർഷിക വൃത്തി നഷ്ടപ്പണിയായതിനാൽ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം ക്രമേണ കുറഞ്ഞു വന്നു.

3. വർദ്ധിച്ച് വന്ന ഗൾഫ് പണത്തിൻറെ ഒഴുക്ക് ഭൂമിയെ ഒരു ഊഹക്കച്ചവട വസ്തുവാക്കി. ഭൂ ഉടമസ്ഥതയിൽ ഇതുമൂലം ഉണ്ടായ മാറ്റം കൃഷി ഭൂമിയെ കൃഷിയിൽ താല്പ്പര്യമില്ലാത്ത ഒരു വിഭാഗം ആളുകളുടെ കയ്യിൽ എത്തിച്ചു.

4. കേരളത്തിലെ കൃഷിയെ ബാധിക്കുന്ന രണ്ടാമത്തെ മുഖ്യപ്രശ്നം ഉത്പാദനബന്ധങ്ങളുമായി, കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ,ഭൂബന്ധങ്ങളുമായി ബന്ധപ്പെട്ടതാണ്. ഭൂമിയില്ലാതെ കൃഷിയെക്കുറിച്ച് ആലോചിക്കുക അസാധ്യമാണ്. ഉത്പാദനോപാധി എന്ന നിലയിൽ ഭൂമിയ്ക്ക് കൃഷിയിൽ കേന്ദ്രസ്ഥാനമാണുള്ളത്. പക്ഷെ, നിർഭാഗ്യകരമെന്നു പറയട്ടെ, കേരളത്തിലെ യഥാർത്ഥ കൃഷിക്കാർക്ക് ഭൂമി അന്യമായിക്കൊണ്ടിരിക്കുകയാണ്. കൃഷിചെയ്യാൻ താല്പര്യമുള്ളവർക്ക് കൃഷിഭൂമി ലഭ്യമല്ല എന്നതാണ് സ്ഥിതി.

5. കാർഷിക തകർച്ചയുടെ ഫലമായി ഒട്ടേറെ കൃഷിക്കാർക്കുള്ള അവരുടെ ജീവനോപാധിയായ ഭൂമിയേയും, കന്നുകാലികളേയും വിറ്റൊഴിയേണ്ടതായി വന്നു. കുറേപ്പേർ ഭൂരഹിതരായി. മറ്റു കുറേപ്പേർക്കും കൈവശഭൂമിയുടെ അളവ് ഗണ്യമായി കുറഞ്ഞു. ജനസംഖ്യാ വർദ്ധനവും, കുടുംബങ്ങളുടെ വിഭജനവും, ഭാഗംവെയ്ക്കലും കൃഷിക്കാരുടെ ശരാശരി ഭൂലഭ്യത കുറയാൻ കാരണമായിട്ടുണ്ട്. ഇതിനെല്ലാം പുറമേയാണ് കൃഷിഭൂമി കാർഷിഭകേതര ആവശ്യങ്ങള്ക്കാമയി മാറ്റപ്പെടുന്നതിൻറെ പ്രശ്നം.

6. പുറംവരുമാനത്തിൻറെ പ്രഭാവം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ഒരു സമ്പദ്ഘടനയാണ് കേരളത്തിൻറേത്. വിദേശത്തുനിന്നും ഒഴുകിയെത്തുന്ന പണം കേരളത്തിലെ ഭൂവിലകൾ ക്രമമായി ഉയരാൻ കാരണമായിട്ടുണ്ട്. ഭൂമിയുടെ വില ഇപ്രകാരം ഉയരുന്നത് ഭൂമിയെ ഒരു ആസ്തിയായി മാറ്റിയിരിക്കുന്നു. സ്വർണം, ബാങ്കുനിക്ഷേപം, ഓഹരികൾ തുടങ്ങിയവയെപ്പോലെ സമ്പാദ്യം സൂക്ഷിക്കാൻ പറ്റിയ ഒരു ആസ്തിയായി ഭൂമി മാറിയിരിക്കുകയാണ്. ഭൂമിയുടെ ഈ വിലക്കയറ്റം കൃഷിക്കാരല്ലാത്തവരെ കൃഷിഭൂമി വാങ്ങാൻ പ്രേരിപ്പിക്കുന്നു. പക്ഷെ, ഇക്കൂട്ടർക്ക് അവർ സ്വന്തമാക്കുന്ന ഭൂമിയിൽ കൃഷിചെയ്യാൻ വലിയ താല്പര്യമൊന്നുമില്ല. ഭൂമി തരിശിടുന്ന പ്രവണത കേരളത്തിൽ വ്യാപകമാകാനുള്ള കാരണം ഇതാണ്.

7. കൃഷിഭൂമി തരിശിടുന്നതിനും, കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനും എതിരായ നിയമനിർമ്മാണം ആവശ്യമാണ്. നെൽ വയലുകൾ നികത്തുന്നതിനെതിരെ കർശനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ നിയമം അവതരിപ്പിക്കേണ്ടതിൻറെ പശ്ചാത്തലം ഇതാണ്. തരിശിടുന്ന ഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള നീക്കവും സംസ്ഥാന സർക്കാരിൻറെ ഭാഗത്തുനിന്നും ഉണ്ടാവുന്നു എന്നതും ഇവിടെ പ്രസക്തമാണ്. ഭൂമിയുടെ

തുണ്ടുവല്ക്കരണവും, കൈവശമുള്ള കൃഷിഭൂമിയുടെ അളവിൻറെ പരിമിതിയും കൃഷിയെ അനാകർഷകവും, അസാധ്യവും ആക്കിത്തീർക്കുന്നുണ്ട്. തങ്ങളുടെ കൈവശമുള്ള പരിമിതമായ ഭൂമിയിലെ കൃഷികൊണ്ടു കൃഷിക്കാർക്ക് കുടുംബം പുലർത്താൻ കഴിയാത്ത സ്ഥിതിയും വരുന്നു. ഇതിനു പരിഹാരം എന്ന നിലയിൽ കൃഷിക്കാരുടെ വിവിധ തരത്തിലുള്ള കൂട്ടായ്മകളേയും അതിൻറെ അടിസ്ഥാനത്തിലുള്ള കൃഷിയേയും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അനുബന്ധ വരുമാനം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളും പ്രേത്സാഹിപ്പിക്കേണ്ടതുണ്ട്. ഉദാഹരണത്തിനു നെൽക്കൃഷിയോടൊപ്പം കന്നുകാലിവളർത്തലും കോഴി വളർത്തലും മത്സ്യകൃഷിയും മറ്റും പ്രോത്സാഹിപ്പിക്കണം. ഇത്തരത്തിലുള്ള സംയോജിത കൃഷിത്തോട്ടങ്ങളേയും, കൃഷിരീതികളേയും സഹായിക്കുന്ന സമീപനമാണ് പഞ്ചവൽസര പദ്ധതികളിൽ ആവിഷ്ക്കരിക്കേണ്ടത്.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ**

1. നെൽപ്പാടം തരിശ്ശിടുന്നതും വാഴക്കൃഷിക്ക് ഉപയോഗിക്കുന്നതുമായ പ്രവർത്തനങ്ങൾ
2. നെൽക്കൃഷിയിലെ ഉൽപ്പാദനക്ഷമതക്കുറവ്
3. നാണ്യവിളകളുടെ ഉൽപ്പാദനക്ഷമതക്കുറവ്
4. പച്ചക്കറിക്കൃഷിയിൽ സ്വയം പര്യാപ്തത നേടുന്നതിന് സാധിക്കുന്നില്ല

**പ്രശ്ന പരിഹാര സാധ്യതകൾ**

1. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. കുളങ്ങൾ,തോടുകൾ,നീർച്ചാലുകൾ,ഉറവകൾ എന്നിവ സംരക്ഷിക്കുക, തോടുകളിൽ തടയണ നിർമ്മിക്കുക, തോടുകളുടെ പാർശ്വഭിത്തികൾ സംരക്ഷിക്കുക

2. നാണ്യ വിളകളുടെ ഉൽപ്പാദന വർദ്ധനവിന് ആവശ്യമായ സാധനസാമഗ്രികൾ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ഏറ്റവും ചുരുങ്ങിയ വിലക്ക് കർഷകർക്ക് ലഭ്യമാക്കുക

3. തരിശായിക്കിടക്കുന്ന, നെൽക്കൃഷി നടത്താൻ സാധിക്കുന്ന പാടങ്ങളിൽ അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ നൽകി നെൽകൃഷി പ്രോൽസാഹിപ്പിക്കുക. കൃഷി വകുപ്പ് മുഖേന മുന്തിയ പിന്തുണാ സംവിധാനങ്ങൾ ഒരുക്കുക

4. ജൈവ പച്ചക്കറി രംഗത്ത് കുതിപ്പേകുന്നതിന് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ,കർഷക സംഘങ്ങൾ,മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ഏകോപനം സാധ്യമാക്കണം.

## മൃഗസംരക്ഷണ മേഖല

1. വികസ്വരരാജ്യമായ ഇന്ത്യയിൽ കൃഷിയുടെ അനുബന്ധഘടകമെന്ന നിലയിൽ മൃഗസംരക്ഷണമേഖല കഴിഞ്ഞ മൂന്നു പതിറ്റാണ്ടു കാലയളവിൽ വൻ വളർച്ചാ നിരക്കു കൈവരിച്ചിട്ടുണ്ട്. കോഴിവളർത്തലിലും കന്നുകാലി വളർത്തലിലുമാണ് ഈ മാറ്റം ഏറെ പ്രകടം. ഗ്രാമീണമേഖലയിൽ 70%പേരും അധികവരുമാനത്തിനായി മൃഗസംരക്ഷണ മേഖലയെ ആശ്രയിക്കുന്നു. ഇവരിൽ സ്ത്രീ പങ്കാളിത്തം 90%മാനത്തിൽ അധികമാണ്. എന്നാൽ ദേശീയ തലത്തിൽ മൃഗസംരക്ഷണമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരുടെ എണ്ണം 4.88%ൽ നിന്ന് 2.9%മായി കുറയുന്നുവെന്നാണ് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. വികസിതരാജ്യങ്ങളിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ മൃഗസംരക്ഷണരീതി വളരെ വ്യത്യസ്തമാണ്. വികസിത രാജ്യങ്ങളിൽ വൻകിടഫാമുകളിലാണ് കന്നുകാലികളെ വളർത്തുന്നത്. ഇന്ത്യയിലാകട്ടെ, ഭൂരിഭാഗവും ചെറുകിട, നാമമാത്ര കർഷകരാണ് ഈ രംഗത്തു പ്രവർത്തിക്കുന്നത്.

2. കാലാനുസൃതമായ വളർച്ചയെന്നോണം ഇന്ന് മൃഗസംരക്ഷണമേഖലയിൽ വ്യാവസായികാടിസ്ഥാനത്തിലുള്ള മാറ്റം കണ്ടു തുടങ്ങിയിട്ടുണ്ട്. വികസിതരാജ്യങ്ങളെ അപേക്ഷിച്ച്

പാലുല്പാദനച്ചെലവ് കുറഞ്ഞ രാജ്യമാണ് ഇന്ത്യ. എന്നാൽ ഇന്ത്യയിൽ സബ്സിഡി നിർത്തലാക്കിയതും, വികസിതരാജ്യങ്ങളെ അപേക്ഷിച്ച് ഉത്പാദനച്ചെലവ് കൂട്ടാൻ ഇടവരുത്തിയിട്ടുണ്ട്. തൂ◌ലം അന്താരാഷ്ട്ര വിപണിയിൽ വികസ്വര രാജ്യങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങൾക്ക് പ്രാമുഖ്യം ലഭിക്കുന്നില്ല. ഉത്പന്നങ്ങളുടെ ഗുണമേ◌ അന്താരാഷ്ട്ര വിപണിയിൽ കർശനമായി പാലിക്കപ്പെടുന്നുണ്ട്. മേച്ചിൽപ്പുറങ്ങൾ,കൃഷിയിടങ്ങൾ എന്നിവയുടെ വിസ്തൃതിയിലുള്ള കുറവ് തീറ്റപ്പുൽ ദൗർലഭ്യം, തീറ്റവില എന്നിവ ഈ മേഖലയിലെ പരിമിതികളിൽ ചിലതാണ്. കഴിഞ്ഞ 20വർഷക്കാലയളവിൽ പാലിൻറെ വിലയിൽ 50%വും കാലിത്തീറ്റ വിലയിൽ 45%വും വർദ്ധനയുണ്ടായി.

3. 2007ലെ കന്നുകാലി സെൻസസ്സിൽ കേരളത്തിൽ എല്ലാ മൃഗങ്ങളുടെ എണ്ണത്തിലും മുൻകാലങ്ങളെ അപേക്ഷിച്ച് കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ദേശീയ തലത്തിൽ 1992മുതൽ കന്നുകാലികളുടെ എണ്ണത്തിൽ മാത്രമേ കുറവ് രേഖപ്പെടുത്തിയിട്ടുള്ളു! ഉത്പാദനക്ഷമത കുറഞ്ഞ നാടൻ പശുക്കൾ സങ്കരയിനമായി മാറിയത് കന്നുകാലികളുടെ എണ്ണം കുറയ്ക്കാനുള്ള കാരണങ്ങളിൽ ഒന്നായി കരുതാം. ആടുകളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. തീറ്റപ്പുൽ ദൗർലഭ്യം, നഗരവത്ക്കരണം, ആട്ടിറച്ചിയുടെ ഉപയോഗം എന്നിവ ഇതിന് വഴിയൊരുക്കിയിട്ടുണ്ട്. വ്യാവസായികാടിസ്ഥാനത്തിലുള്ള മുട്ടക്കോഴി വളർത്തൽ കേരളത്തിൽ ലാഭകരമല്ല. എന്നാൽ കുറഞ്ഞ മുതൽമുടക്കുള്ള വീട്ടുമുറ്റത്തെ കോഴിവളർത്തൽ,താറാവുവളർത്തൽ എന്നിവയ്ക്ക് സാധ്യതകളുണ്ട്.

4. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള വരവു കുറഞ്ഞതും പക്ഷിപ്പനിയും മൂലം നിർജ്ജീവാവസ്ഥയിലായിരുന്ന ഇറച്ചിക്കോഴി, കാട വിപണി ഇന്ന് ഉയിർത്തെഴുന്നേൽപ്പിൻറെ പാതയിലാണ്. മൂല്യവർദ്ധിത നികുതി, പക്ഷിപ്പനി നിയന്ത്രണ നടപടികൾ എന്നിവ അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള കോഴികളുടെ വരവ് കുറയ്ക്കാനിടവരുത്തിയിട്ടുണ്ട്. അഭ്യന്തര കോഴിയുത്പാദനം, വിപണനം, എന്നീ മേഖലകൾ കൂടുതൽ സജീവമാകാൻ ഇതുപകരിക്കും.

5. കേരളത്തിൽ പന്നികളുടെ എണ്ണത്തിലും 47%ത്തോളം കുറവ് രേഖപ്പെടുത്തി യിട്ടുണ്ട്. മലിനീകരണ പ്രശ്നങ്ങളാണിതിന് മുഖ്യകാരണം. പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിച്ച് സർക്കാർ നിബന്ധനകൾ അനുവർത്തിച്ച് പന്നിഫാമുകൾ ലാഭകരമായി നടത്താവുന്നതാണ്. ജൈവകൃഷിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതോടൊപ്പം കുറഞ്ഞ സ്ഥലത്ത് കൂടുതൽ ഉത്പാദനം സാധ്യമാക്കാനായി കൃഷി, മൃഗസംരക്ഷണം, മത്സ്യം വളർത്തൽ എന്നിവ സമന്വയിപ്പിച്ചുകൊണ്ടുള്ള സംയോജിത കൃഷിരീതികളും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

6. കുറഞ്ഞ സ്ഥലത്ത് കൂടുതൽ കൃഷിരീതികൾക്കുതകുന്ന സമ്മിശ്രകൃഷിക്കും സാധ്യതകളിന്നുണ്ട്. പശു, ആട്, മുയൽ,കോഴിവളർത്തൽ എന്നിവ ആരംഭിക്കാവുന്നതാണ്. മൃഗസംരക്ഷണ മേഖലയിൽ ഉയർന്ന ഉത്പാദനക്ഷമത കൈവരിക്കാൻ മെച്ചപ്പെട്ട ജനുസ്സുകളെ വളർത്തുന്നതോടൊപ്പം ശാസ്ത്രീയ തീറ്റക്രമം, പരിചാരണമുറകൾ,രോഗനിയന്ത്രണ മാർഗങ്ങൾ എന്നിവ അനുവർത്തിക്കുകയും വേണം.

7. വിജ്ഞാന വ്യാപന പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തുന്നത് ശാസ്ത്രീയ തീറ്റക്രമ പരിചരണമുറകൾ സ്വീകരിക്കാൻ കർഷകരെ സഹായിക്കും. പഞ്ചായത്തുതോറുമുള്ള മൃഗാശുപത്രികൾ കേരളത്തിൻറെ മാത്രം പ്രത്യേകതയാണ്. നൂതന ഗവേഷണ ഫലങ്ങൾ,ബയോടെക്നോളജി മുതലായവ മൃഗചികിത്സാരംഗത്ത് പ്രയോജനപ്പെടുത്തി വരുന്നു. സാംക്രമിക രോഗങ്ങളുടെ കാര്യത്തിൽ പ്രതിരോധകുത്തിവെയ്പ് മുൻഗണന നൽകണം.

8. കേരളത്തിലുത്പാദിപ്പിക്കപ്പെടുന്ന പാലിൽ 20%ൽ താഴെ മാത്രമേ സംഘടിത മേഖലയിലൂടെ വിപണനം നടത്തുന്നുള്ളൂ. ബാക്കിയുള്ള പാലും മുട്ടയും ഇറച്ചിയും കർഷകർ നേരിട്ട് വിൽപന

നടത്തുന്നത് അസംഘടിത മേഖലയിലൂടെയാണ്. ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് താങ്ങാവുന്ന വിലക്ക് ശാസ്ത്രീയ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് ലഭ്യമാക്കേണ്ടതുണ്ട്.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ**

1. അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്
2. പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്ത കൈവരിക്കുന്നതിലെ കാലതാമസം
3. മുട്ട ഉൽപ്പാദനത്തിൽ സ്വയം പര്യാപ്ത കൈവരിക്കുന്നതിലെ കാലതാമസം
4. ക്ഷീര സംഘങ്ങൾക്കുള്ള പിന്തുണാ സംവിധാനങ്ങളിലെ പോരായ്മ

**പ്രശ്ന പരിഹാര സാധ്യതകൾ**

1. ഗ്രാമപഞ്ചായത്തിലെ പക്ഷിമൃഗാദികളുടെ എണ്ണത്തിന് ആനുപാതികമായി ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക
2. ആധുനിക രീതിയിലുള്ള തൊഴുത്തുകൾ ക്ഷീരകർഷകർക്ക് നൽകുക
3. ആട്, കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുക
4. നിലവിലുള്ള ക്ഷീര സംഘങ്ങളെ ശക്തിപ്പെടുത്തുക

## ആരോഗ്യ മേഖല

1. ആരോഗ്യ രംഗത്ത് സുപ്രധാനമായ ഒട്ടനവധി നേട്ടങ്ങൾ ഉണ്ടാക്കിയ ഒരു സംസ്ഥാനമാണ് കേരളം. മെച്ചപ്പെട്ട ആയുർദൈർഘ്യം കുറഞ്ഞ ശിശുമരണ നിരക്ക് കുറഞ്ഞ മാതൃ മരണ നിരക്ക് എന്നിങ്ങനെ കേരളം കൈവരിച്ച നേട്ടങ്ങൾ ഏറെയാണ്. കേരളം ഉണ്ടാക്കിയ ഈ നേട്ടങ്ങൾക്ക് കാരണമായി ചൂണ്ടിക്കാണിക്കാവുന്ന ഘടകങ്ങൾ പലതാണ്. സാക്ഷരത, രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങൾ ഉണ്ടാക്കിയെടുത്ത പൊതു അവബോധം, പരിഷ്കരണം വഴി ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞ നേട്ടങ്ങൾ,മെച്ചപ്പെട്ട പൊതുവിതരണ സമ്പ്രദായം, വിപുലമായ പൊതുജനാരോഗ്യ സംവിധാനം, അധികാരവികേന്ദ്രീകരണം എന്നിവ ഇവയിൽ പ്രധാനമാണ്. എന്നാൽ ഇത്രയെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും ആരോഗ്യരംഗത്ത് വലിയ തകർച്ചയെ യാണ് കേരളം ഇന്ന് അഭിമുഖീകരിക്കുന്നത്. കേരളം ഇന്ന് നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പലതാണ്. പഴയ രോഗങ്ങളുടെ തിരിച്ചുവരവ്, പുതിയ രോഗങ്ങളുടെ ആധിക്യം,ജീവിത ശൈലീരോഗങ്ങളുടെ വർദ്ധനവ്, മദ്യപാനം, ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം, വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ,ഔഷധങ്ങളുടെ അമിതമായ ഉപയോഗം, വർദ്ധിച്ചു വരുന്ന ചികിത്സാ ചിലവ് എന്നിവ ഇവയിൽ ചിലതാണ്. വർഷങ്ങളുടെ ശ്രമഫലമായി പൊതുജനാരോഗ്യരംഗത്ത് നാം കൈവരിച്ച നേട്ടങ്ങളത്രയും തകിടം മറിഞ്ഞു പോവുന്ന സ്ഥിതിയാണ് ഇന്ന്! കേരളത്തിലെ ആരോഗ്യരംഗത്ത് കാണാൻ സാധിക്കുന്നത്. നാം നിർമ്മാർജ്ജനം ചെയ്ത പല രോഗങ്ങളുടെയും തിരിച്ചുവരവും, പുതിയ രോഗങ്ങളുടെ ആവിർഭാവവും കേരള ജനതയുടെ മനസ്സിൽ സൃഷ്ടിക്കുന്ന ആശങ്കകൾ ചെറുതല്ല. ചിക്കുൻ ഗുനിയയും മലമ്പനിയും ഡെങ്കിപ്പനിയും.

2. എലിപ്പനിയും മഞ്ഞപ്പിത്തവും ടൈഫോയ്ഡും മറ്റ് സാംക്രമിക രോഗങ്ങളും സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങളും അവ മൂലമുള്ള മരണങ്ങളും കേരള ജനതയുടെ ഉറക്കം കെടുത്തുന്നവയായി മാറിയിരിക്കുന്നു.

3. എന്നാൽ മനുഷ്യൻ സ്വയം സൃഷ്ടിക്കുന്ന സാഹചര്യങ്ങളാണ് ഇത്തരമൊരവസ്ഥ ഉണ്ടാക്കുന്നതെന്ന് നാം തിരിച്ചറിയാതെ പോവുന്നു. ശുദ്ധമായ കുടിവെള്ളത്തിൻറെ അപര്യാപ്തത,

മാലിന്യത്തിൻറെ വലിയ തോതിലുള്ള വർദ്ധനവ് അന്തരീക്ഷ മലിനീകരണം, കീടനാശിനികളുടെ അമിതമായ ഉപയോഗം, പരിസ്ഥിതിയിലും കാലാവസ്ഥയിലും വന്ന മാറ്റങ്ങൾ,തുടങ്ങിയവ രോഗാതുരത വർദ്ധി ക്കുന്നതിനുള്ള കാരണങ്ങളാണ് എന്ന് കാണാം.

4. ജനസംഖ്യയിലുള്ള വർദ്ധനവ്മൂലം നമ്മുടെ ജീവിത സാഹചര്യങ്ങൾ മാറിയിരിക്കുന്നു. ദ്രുതഗതിയിലുള്ള നഗരവല്ക്കരണംമൂലം ചെറുഗ്രാമങ്ങൾ പോലും പട്ടണങ്ങളായി മാറുന്നു. മനുഷ്യൻറെക ആവശ്യങ്ങൾ വർദ്ധിക്കുന്നതോടൊപ്പം പൊതു ആസ്തിയിലേക്ക് മാലിന്യങ്ങൾ പുറംതള്ളുന്നതിൻറെ തോതും നാൾക്ക് നാൾ വർദ്ധിച്ച് വരുന്നു. ഇത് അന്തരീക്ഷ മലിനീകരണത്തിനും ഈച്ച, കൊതുക്, എലി, മറ്റ് രോഗവാഹകരായ ജീവികൾ എന്നിവയുടെ വംശവർദ്ധനവിന് കാരണമാകുന്നു.

5. ആരോഗ്യമെന്നത് ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയാണെന്ന് ലോകാരോഗ്യസംഘടന വിവക്ഷിക്കുന്നു. ആരോഗ്യമെന്നത് കേവലം ഡോക്ടർ,ആശുപത്രി, നഴ്സ് അഥവാ ജീവനക്കാർ,മരുന്ന് എന്ന സമവാക്യത്തിനപ്പുറം ശുദ്ധമായ കുടിവെള്ളം, ശുദ്ധവായു,വൃത്തിയുള്ള വീട്, വൃത്തിയുള്ള പരിസരം, വൃത്തിയുള്ള തൊഴിൽ സ്ഥലം, വൃത്തിയുള്ള സമൂഹം എന്നിവയാണെന്നു കൂടി നാം തിരിച്ചറിയണം. ഇന്ന് നിലനില്ക്കുന്ന ഭൂരിഭാഗം ആരോഗ്യ പ്രശ്നങ്ങൾക്കും കാരണം നമ്മുടെ പ്രവൃത്തികൾ തന്നെയാണെന്നും നമ്മുടെ മാലിന്യ സംസ്കരണ സംസ്കാരം മാറിയില്ലെങ്കിൽ അത് നമ്മുടെ തന്നെ നിലനില്പ്പിന് ഭീഷണിയാവുമെന്നും നാം മനസിലാക്കണം. നമുക്കും നമ്മുടെ സഹജീവികൾക്കും ആരോഗ്യവാ്ാരായി ജീവിക്കുന്നതിന് ഒരു മെച്ചപ്പെട്ട ആരോഗ്യ സംസ്കാരം വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് തിരിച്ചറിയുകയും അത് നേടിയെടുക്കാനുള്ള പ്രവർത്തണനങ്ങൾ നടത്തുകയും അതോടൊപ്പം നമ്മുടെ ജീവിതശൈലിയിൽ മാറ്റം വരുത്തുകയും ചെയ്താൽ മാത്രമേ പകർച്ച വ്യാധികളുടെയും പകർച്ചേതര വ്യാധികളുടെയും ആധിക്യത്തിൽ നിന്നും നമുക്ക് രക്ഷ നേടാൻ സാധിക്കുകയുള്ളൂ.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ**

1. ജീവിത ശൈലീ രോഗങ്ങളുടെ വ്യാപനം
2. മഴക്കാല പൂർവ്വ ശുചീകരണത്തിൻറെ അഭാവം
3. ചുരുങ്ങിയ വിലയിൽ ആവശ്യമായ ജീവൻ രക്ഷാ മരുന്നുകൾ ലഭിക്കുന്നതിലെ കാലതാമസം

**പ്രശ്ന പരിഹാര സാധ്യതകൾ**

1. ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക
2. ചുരുങ്ങിയ വിലയിൽ ആവശ്യമായ ജീവൻ രക്ഷാമരുന്നുകൾ ലഭ്യമാക്കുക
3. മഴക്കാല പൂർവ്വശുചീകരണം വ്യാപിപ്പിക്കുക

## വിദ്യാഭ്യാസ മേഖല

1. വർത്തമാന കാലഘട്ടത്തിൽ ഒരുവൻറെ ബഹുമുഖമായ വികാസത്തെ പരിപൂർണതയിലെത്തിക്കുന്നത് ശരിയായ വിദ്യാഭ്യാസ പ്രക്രിയയാണ്. സ്വാമി വിവേകാനന്ദൻറെ അഭിപ്രായത്തിൽ,വ്യക്തിയിൽ അന്തർലീനമായ പൂർണതയുടെ ബഹിർപ്രകടനമാണ് വിദ്യാഭ്യാസം. വ്യക്തിയിൽ അന്തർലീ!നമായിരിക്കുന്ന കഴിവുകൾ തിരിച്ചറിഞ്ഞ് വികസിക്കുന്നതിലൂടെ സമ്പൂർണവും സവിശേഷതയുള്ളതുമായ ഒരു വ്യക്തിത്വം സൃഷ്ടിച്ചെടുക്കുവാൻ വിദ്യാഭ്യാസത്തിന് കഴിയും ഈ

ആശയം മികവാർന്ന തലങ്ങളിൽ പരിപോഷിപ്പിക്കുന്നതിനുവേണ്ടി നമുക്ക് ലഭ്യമായ വൈവിധ്യമാർന്ന വിജ്ഞാനോപാധികളെ ശരിയായ രീതിയിൽ പ്രയോഗിക്കപ്പെടേണ്ടതാണ്. ഒരു വ്യക്തിയുടെ വിദ്യാഭ്യാസ കാലഘട്ടത്തിൽ വളർത്തിക്കൊണ്ടു വരുന്ന ധർമ്മബോധമാണ് ഭാവിജീവിതത്തെ ധാർമ്മികമാക്കുന്നത്. നൈസർഗ്ഗിക വാസനകൾക്കും സർഗ്ഗ ശക്തിക്കും ഊന്നൽ കൊടുത്തുകൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായം അർത്ഥവത്തായ ജീവിത വിജയം കൈവരിക്കുമെന്നതിൽ സംശയമില്ല.

2. വിദ്യാഭ്യാസത്തിൻറെ അടിസ്ഥാന തത്വങ്ങളെക്കുറിച്ചും മൂല്യങ്ങളെക്കുറിച്ചുമുള്ള ശരിയായ ബോധത്തിൽ നിന്ന് അറിവിൻറെ ആരംഭം കുറിക്കുകയും അതിലൂടെ ജ്ഞാന സമ്പാദനം ഉൾക്കൊള്ളുവാനുമുള്ള പ്രാപ്തി നേടാനും കഴിയും. വിദ്യാഭ്യാസം ഒരു വ്യക്തിയിലുള്ള നന്മയെ പരിപോഷിപ്പിക്കുകയും തിന്മയെ ഉന്മൂലനാശം വരുത്തുകയും ചെയ്യും. അടിസ്ഥാനപരമായി നല്ലതും ചീത്തയും വേർതിരിച്ചറിയുവാനും അതിലൂടെ നന്മയെ സ്വീകരിക്കുവാനും തിന്മയെ തിരസ്കരിക്കുവാനും ശരിയായ വിദ്യാഭ്യാസത്തിന് സാധിക്കും. വ്യക്തിയുടെ സർവ്വോന്മുഖമായ വികാസമാണ് വിദ്യാഭ്യാസത്തിൻറെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം.

3. ഏതുതരം സങ്കീർണയ ഘട്ടത്തിലായാലും സ്വന്തം ധാർമ്മിനകബോധം ഉപേക്ഷിക്കാതെ, സത്യസന്ധമായി മനഃസാന്നിധ്യത്തോടുകൂടി ജീവിതം നയിക്കുവാനുള്ള മാനസിക വളർച്ചനയും ബുദ്ധിവികാസവും ആത്മബോധവും വാർത്തെയടുക്കുവാൻ വിദ്യാഭ്യാസത്തിന് കഴിയും. അതിലൂടെ വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും രാഷ്ട്രത്തിനും വിശിഷ്യ ലോകത്തിനും മാതൃകയായി ലോകനന്മ പ്രദാനം ചെയ്യുവാൻ ഓരോ വ്യക്തിക്കും സാധിക്കണം.

4. ദേശീയവും അന്തർദേശീയവുമായ ശരിയായ അവബോധം കുട്ടികളിൽ വളർത്തി യെടുക്കുക എന്നതാണ് വിദ്യാഭ്യാസത്തിൻറെ മുഖ്യ ലക്ഷ്യം. സമൂഹത്തിനിണങ്ങുന്ന വിധത്തിലുള്ള ഒരു ജീവിത രീതിയും വ്യക്തിത്വവും സ്വായത്തമാക്കുവാനും സമൂഹത്തിൽ വന്നുചേരുന്ന മൂല്യച്യുതികൾക്ക് നേരെ ആരോഗ്യപരമായ രീതിയിൽ പ്രതികരിക്കുവാനുള്ള ആർജ്ജവം ഓരോ കുട്ടിയും നേടേണ്ടത് വിദ്യാഭ്യാസത്തിലൂടെയാണ്. ചുരുക്കത്തിൽ വ്യക്തിയെ സമ്പൂർണനാക്കുവാനും സമൂഹത്തിൻറെ നന്മതിന്മകൾ തിരിച്ചറിഞ്ഞ് രാഷ്ട്രപുനർനിർമാണ പ്രക്രിയയിൽ സജീവകണ്ണിയാകുവാൻ വ്യക്തിയെ സുസജ്ജമാക്കുകയെന്ന ആത്യന്തിക ലക്ഷ്യമാണ് വിദ്യാഭ്യാസത്തിനുള്ളത്. ആയതിനാൽ ഓരോ കുട്ടുകാരും അവരവരുടെ കഴിവിനും ശേഷിക്കും താത്പര്യത്തിനും അനുസരിച്ച് വിദ്യാഭ്യാസത്തിൻറെ മഹത്വം ഉൾക്കൊണ്ട് പരമാവധി ഊർജ്ജസ്വലരായി യത്നിക്കുകയും മാതൃകാപരമായ വ്യക്തിത്വവികാസം സ്വായത്തമാക്കേണ്ടതുമാണ്.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ**

1. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്
2. പൊതുവിദ്യാഭ്യാസത്തോടുള്ള താൽപ്പര്യക്കുറവ്
3. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

**പ്രശ്ന പരിഹാര സാധ്യതകൾ**

1. വിദ്യാഭ്യാസ സ്ഥാപനങ്ങളെ ശിശുസൗഹൃമാക്കുക
2. വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യം ഒരുക്കുക

## പ്രാദേശിക സാമ്പത്തിക വികസനം

73ഉം 74ഉം ഭരണഘടനാ ഭേദഗതികൾക്ക് തുടർച്ചയായി പ്രാദേശിക ഭരണ സംവിധാനം പ്രാവർത്തിഭകമാക്കുന്നതിനും അതുവഴി സാമ്പത്തിക പുരോഗതിയും സാമൂഹിക നീതിയും ഉറപ്പും

വരുത്തുന്നതിനുമായി സംസ്ഥാനം നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ നടപ്പാക്കിയ ജനാധിപത്യ വികേന്ദ്രീകരണം യഥാർത്ഥ പ്രാദേശിക തല ജനാധിപത്യത്തിൻറെ ഒരു പുതിയ വികസന സംസ്കാരത്തിനും സാമ്പത്തിക വികസനത്തിലെ ജനപങ്കാളിത്തത്തിനും വഴിയൊരുക്കിയതായി കാണാവുന്നതാണ്.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ**

1. സംരംഭകർക്ക് ആവശ്യമായ വായ്പ ലഭിക്കാതിരിക്കുക

2. സർക്കാർ സബ്സിഡിയുടെ കുറവ്

3. ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് ലഭിക്കാതിരിക്കുക

4. പൊതുജനങ്ങൾക്ക് ശരിയായ അവബോധം ഇല്ലായ്മ

**പ്രശ്ന പരിഹാര സാധ്യതകൾ**

1. സംരംഭകരും ധനകാര്യ സ്ഥാപനങ്ങളുമായി നല്ല ബന്ധം സ്ഥാപിച്ച് ആവശ്യമായ വായ്പ ലഭ്യമാക്കുക
2. സബ്സിഡി കാലോചിതമായി പരിഷ്ക്കരിക്കുക
3. ഉൽപ്പന്നങ്ങൾക്ക് ഫലപ്രദമായ വിപണന സൗകര്യം ലഭ്യമാക്കുക
4. തൊഴിലും തൊഴിൽ സംരംഭങ്ങളും സംബന്ധിച്ച അവബോധം പൊതുജനങ്ങൾക്ക് ലഭ്യമാക്കുക.

**ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)**

സ്വാതന്ത്ര്യാനന്തരം രാജ്യത്ത് നടപ്പാക്കിയ പഞ്ചവത്സര പദ്ധതികൾ വഴി സാമ്പത്തിക ഭദ്രത നേടുന്നതിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ശ്രമിച്ചു. ഈ ശ്രമങ്ങൾ വേണ്ടത്ര വിജയിച്ചില്ല. തുടർന്ന് ദാരിദ്ര്യത്തെ നേരിട്ട് കീഴടക്കുക എന്ന ലക്ഷ്യത്തോടെ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കി. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് വികസനത്തിൻറെ പ്രയോജനം എല്ലാവരിലും പ്രത്യേകിച്ച് പാവപ്പെട്ടവരിൽ എത്തണം എന്ന ആശയം മുന്നോട്ടു വെച്ചുകൊണ്ട് അതുവരെ നടപ്പാക്കിയ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളെ പരിഷ്കരിച്ച് പുനഃസംഘടിപ്പിച്ചു. ഗവണ്മെൻറ് നടപ്പാക്കുന്ന പ്രധാന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ ചുവടെ.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

2005സെപ്റ്റംബറിൽ പാർലമെൻറ് പാസ്സാക്കിയ തൊഴിലുറപ്പ് നിയമപ്രകാരം ഗ്രാമീണമേഖലയിൽ ഓരോ കുടുംബത്തിനും 100തൊഴിൽ ദിനങ്ങൾ ഉറപ്പു വരുത്തുന്നു. കായിക ജോലികൾ ഏറ്റെടുക്കുവാൻ കഴിയുന്നവർക്കാണ് ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുക. ചെറുകിട ജലസേചന സൗകര്യങ്ങൾ,റോഡ് തുടങ്ങിയ നിർമ്മാണപ്രവർത്തനങ്ങൾ,കൃഷി എന്നീ പ്രവർത്തനങ്ങൾ ഇതിൻറെ ഭാഗമായി നടക്കുന്നു.

**സ്വർണ ജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന**

ഗ്രാമീണ മേഖലയിൽ ചെറുസംരംഭങ്ങൾ ആരംഭിക്കുകവഴി സ്വയം തൊഴിലിന് ജനങ്ങളെ പ്രാപ്തരാക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. മൂന്നു വർഷം കൊണ്ട് ഗുണഭോക്തൃ കുടുംബങ്ങളെ ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ കൊണ്ടുവരിക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**ആശ്രയ**

സമൂഹത്തിൻറെ താഴെത്തട്ടിൽ ജീവിക്കുന്ന അഗതികളുടെ പുനരധിവാസത്തിനുവേണ്ടി ഉണ്ടാക്കിയ സമഗ്ര വികസന പദ്ധതിയാണ് ആശ്രയ. പൊതുവിതരണം, പ്രത്യേക പോഷകാഹാരം, ആരോഗ്യം, പെൻഷൻ,പ്രാഥമിക അടിസ്ഥാന സൗകര്യങ്ങൾ എന്നീ മേഖലകളുടെ സേവനങ്ങളും വിഭവങ്ങളും ഏകോപിപ്പിച്ച് പദ്ധതി നടപ്പാക്കുന്നു. മിനിമം നിലവാരത്തിലെത്തുന്നതുവരെ അഗതി കുടുംബങ്ങളെ നിരന്തരം ശ്രദ്ധിക്കുന്നതാണ്.

**പ്രധാൻ മന്ത്രി ആവാസ് യോജന**

ഗ്രാമ പ്രദേശങ്ങളിലെ ഭവന രഹിതരായ പട്ടികജാതി പട്ടികവർഗക്കാർ,ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റുപാവപ്പെട്ടവർ എന്നിവർക്ക് വീട് നിർമിക്കാൻ സഹായിക്കുകയാണ് പ്രധാൻ മന്ത്രി ആവാസ് യോജനയുടെ ലക്ഷ്യം. ഗ്രാമസഭകളാണ് ഇതിൻറെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്

**പ്രധാന മന്ത്രി ഗ്രാമ സഡക്ക് യോജന**

ഗ്രാമ പ്രദേശങ്ങളിൽ റോഡില്ലാത്ത പ്രദേശങ്ങളിൽ റോഡ് നിർമിശക്കുക എന്നതാണ് ഈ പദ്ധതി. നൂറ് ശതമാനം കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ഈ പരിപാടിയിൽ അർഹരായ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന തരത്തിൽ റോഡ് നിർമ്മിക്കുന്നു.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ**

1. ഭൂരഹിതരുടെ പാർപ്പിടമില്ലായ്മ
2. ഭൂമിയുള്ളവരുടെ പാർപ്പിടമില്ലായ്മ
3. വാസയോഗ്യമായ വീട് ഇല്ലാത്ത അവസ്ഥ
4. വർദ്ധിച്ച് വരുന്ന തൊഴിലില്ലായ്മ

**പ്രശ്ന പരിഹാര സാധ്യതകൾ**

1. പി എം എ വൈ, ലൈഫ് മിഷൻ പദ്ധതികൾ പ്രയോജനപ്പെടുത്തുക
2. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ധനസഹായം നൽകുക
3. കുടുംബശ്രീ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ പദ്ധതി എന്നിവ പ്രയോജനപ്പെടുത്തി നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലക്കോ നിർമ്മിച്ച് നൽകുക

**വനിതാ വികസനം**

1. സ്വതന്ത്ര ഇന്ത്യയുടെ 67ാം വർഷലത്തിലും ജനസംഖ്യയുടെ പകുതി വരുന്ന സ്ത്രീ സമൂഹം വിദ്യാഭ്യാസമില്ലാത്ത, വരുമാനമില്ലാത്ത, തൊഴിലില്ലാത്ത, അധികാരമില്ലാത്ത, സ്വയം

നിർണ്ണയാവകാശമില്ലാത്ത, സുരക്ഷിതത്വമില്ലാത്ത, സ്വത്തവകാശമില്ലാത്ത വിഭാഗമായി തുടരുന്നു. ഇന്ത്യൻ ജനാധിപത്യത്തെ അർത്ഥരഹിതമാക്കി മാറ്റുന്ന വിവേചനങ്ങളാണ് ഇന്ത്യൻ സ്ത്രീ അനുഭവിക്കുന്നത്. അടിമത്തവും ജ ിത്തവും മുതലാളിത്തവും സാമ്രാജ്യത്വവും കൂടിക്കലർന്നായ ഇന്ത്യൻ സാമൂഹ്യാവസ്ഥയുടെ അനിവാര്യഭാഗമാണ്.

2. കേരളം ലിംഗാനുപാതത്തിൽ (1000:1084) ഉൾപ്പെടെ മറ്റ് സംസ്ഥാനങ്ങളേക്കാൾ മെച്ചപ്പെട്ട സ്ഥിതിയിലാണ്. സാക്ഷരത, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക് തുടങ്ങിയവയിലൊക്കെ വികസിത രാജ്യങ്ങൾക്കൊപ്പം എത്തുവാൻ കേരള സ്ത്രീക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിൻറെ നവോത്ഥാന പ്രക്രിയയും പുരോഗമന രാഷ്ട്രീയവും ഈ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. എന്നാൽ ലിംഗനീതി ഉറപ്പുവരുത്തുന്നതിന് മേൽ സൂചിപ്പിച്ച അഭിമാനാർഹമായ കണക്കുകൾ സഹായിച്ചിട്ടില്ലായെന്നുള്ളതാണ് കേരളത്തിൻറെ വൈരുദ്ധ്യം. സാക്ഷരതയിലും സാർവ്വത്രിക പ്രൈമറി വിദ്യാഭ്യാസത്തിലും സ്ത്രീകൾ മെച്ചപ്പെട്ട അവസ്ഥയിലാണെന്നും മാത്രമല്ല, കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് 75-80%പെൺകുട്ടികളാണ് പഠിക്കുന്നത്. എന്നാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 22%മാത്രമാണ്. ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായ കുടുംബശ്രീയിലെ അംഗത്വം 40ലക്ഷമായിരിക്കുമ്പോഴും സ്വയം തൊഴിലിലൂടെ വരുമാനം ഉണ്ടാക്കുന്ന സ്ത്രീകൾ 5%മാത്രമാണ്.

3. ആരോഗ്യ മേഖലയിൽ കേരള സ്ത്രീ മറ്റു സംസ്ഥാനങ്ങളേക്കാൾ മുന്നിലാണെന്ന് സ്ഥിതിവിവര കണക്കുകൾ തെളിയിക്കുന്നു. എന്നാൽ 06പ്രായത്തിൽ പെൺകുട്ടികളുടെ എണ്ണം കേരളത്തിലും കുറഞ്ഞുവരുന്നു. വൃദ്ധരുടെയും വിധവകളുടെയും ഒറ്റയ്ക്ക് ജീവിക്കുന്ന സ്ത്രീകളുടെയും എണ്ണം കേരളത്തിൽ ഉയർന്നു നില്ക്കു ന്നുവെന്ന് പറയുമ്പോഴും ഇവരുടെ സാമ്പത്തിക, സാമൂഹ്യ ആരോഗ്യ പ്രശ്നങ്ങൾ വികസന വിദഗ്ദ്ധരുടെ ശ്രദ്ധയിലേക്ക് വരുന്നില്ല. ഗാർഹിക പീഡനവും അതിക്രമങ്ങളും പ്രധാനപ്പെട്ട ആരോഗ്യ പ്രശ്നങ്ങളായിക്കൊണ്ടിരിക്കുന്നു. മാനസികാരോഗ്യത്തിൻറ് കാര്യത്തിൽ കേരളം വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ല. കേരളീയ സമൂഹത്തിൽ 0.4ശതമാനം പേർ മാനസികാരോഗ്യ പ്രശ്നങ്ങൾ ഉള്ളവരാണ്. ആത്മഹത്യാ പ്രവണതയും കേരളീയരിൽ ഏറെയാണ്. പുരുഷ ാരാണ് ആത്മഹത്യ ചെയ്യുന്നവരിൽ കൂടുതലെങ്കിലും വിഷാദരോഗം സ്ത്രീകളിലാണേറെ.

4. ശുചിയായ ടോയ്ലറ്റുകൾ,സാനിട്ടറി നാപ്കിൻ നശിപ്പിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം, സുരക്ഷിതമായ വിശ്രമമുറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഭൂരിപക്ഷം സ്കൂളുകളും നേരിടുന്നു. പെൺകുട്ടികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നായി അടിസ്ഥാന സൗകര്യത്തിൻറെ കുറവ് ഇന്ന് തിരിച്ചറിയപ്പെട്ടിട്ടുണ്ട്.

5. വരുമാനവും തൊഴിലും സ്ത്രീയുടെ അടിസ്ഥാന അവകാശങ്ങളാണെന്ന് അംഗീകരിക്കുമ്പോഴും കേരളത്തിലെ സ്ത്രീകൾ ഈ മേഖലയിൽ ഏറെ പിന്നിലാണ്. 40ലക്ഷം സ്ത്രീകളുള്ള കുടുംബശ്രീ സംവിധാനത്തിലെ എത്ര ശതമാനം സ്ത്രീകള്ക്ക് ശരാശരി 5000രൂപ മാസ വരുമാനം ഉണ്ടെന്ന് പരിശോധിക്കേണ്ടതുണ്ട്. സ്വത്വബോധം സൃഷ്ടിക്കുന്നതിലും സാമൂഹ്യവല്ക്കരണത്തിലും കുടുംബശ്രീ സംവിധാനം 18വർഷം തികയുമ്പോൾ എവിടെ എത്തിനില്ക്കുന്നുവെന്ന് വസ്തുനിഷ്ഠമായ അപഗ്രഥനം ഉണ്ടാകണം.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ**

1. സാമ്പത്തിക സുരക്ഷിതത്വമില്ലായ്മ, തൊഴിലില്ലായ്മ

2. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

3. പൊതുസ്ഥലങ്ങളിലെ ശുചിത്വമുറികൾ ഇല്ലായ്മ

**പ്രശ്ന പരിഹാര സാധ്യതകൾ**

1. കുടുംബശ്രീകൾ വഴി സംഘകൃഷി പ്രോൽസാഹിപ്പിക്കുക

2. സ്ത്രീകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുക

3. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുക

4. പൊതുസ്ഥലങ്ങളിൽ സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ സ്ഥാപിക്കുക

**പൊതുഭരണവും ധനകാര്യവും**

ഗ്രാമപഞ്ചായത്ത് ഓഫീസ്, ഘടക സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് ഉതകുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിന് 2021-22വാർഷിക പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ ആഭ്യന്തര വരുമാനം ഉയർത്തുന്നതിന് ആവശ്യമായ നൂതന ആശയങ്ങൾ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ**

1. ഗ്രാമപഞ്ചായത്ത് ഓഫീസ്-ഘടക സ്ഥാപനങ്ങളുടെ സ്ഥലപരിമിതി

2. പരിശീലനത്തിൻറെ അഭാവം

3. സേവനങ്ങളെക്കുറിച്ചുള്ള പൊതുജനങ്ങളുടെ അറിവില്ലായ്മ

**പ്രശ്ന പരിഹാര സാധ്യതകൾ**

1. ആധുനിക സൗകര്യങ്ങൾ ഒരുക്കി (ട്രെയിനിംഗ് ഹാൾ,മിനി കോൺഫറൻസ് ഹാൾ,വീഡിയോ കോൺഫറൻസിംഗ് സൗകര്യം, പൊതുജനങ്ങൾക്ക് വിശ്രമ സൗകര്യം) ഓഫീസുകൾ നവീകരിക്കുക

2. പൗരാവകാശ രേഖ കാലോചിതമായി പരിഷ്ക്കരിക്കുക

**പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)**

ഒരു പ്രദേശത്തിൻറെ വികസനത്തിൻറെ അളവുകോൽ ഒരു പരിധിവരെ അവിടുത്തെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനമാണ്. 2021-22വാർഷിക പദ്ധതിയിൽ അടിസ്ഥാന സൗകര്യവികസനത്തിന് പരമാവധി തുക വകയിരുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ലഭ്യമായ ഫണ്ടിൻറെ നീതിപൂർവ്വകമായ വിതരണം ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് സാധിച്ചിട്ടുണ്ട്.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ**

1. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തികമായ പരിമിതി

2. പാരമ്പര്യേതര ഊർജ്ജ ഉപയോഗത്തിൻറെ അവബോധമില്ലായ്മ

**പ്രശ്ന പരിഹാര സാധ്യതകൾ**

1. ഗതാഗത സൗകര്യങ്ങൽ ദേശീയ നിലവാരത്തിലേക്കുയർത്തുക

2. ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ നൽകി തദ്ദേശഭരണ സ്ഥാപനത്തെ വികസനത്തിൻറെ ഒരു ഉയർന്ന തലത്തിലേക്ക് ഉയർത്തുക

3. പാരമ്പര്യേതര ഊർജ്ജ ഉപയോഗത്തെ സംബന്ധിച്ച ബോധവൽക്കരണം നടത്തുക

**കുടിവെള്ളം**

1. ഗ്രാമപഞ്ചായത്തിൻറെ പേർ കാണുക, പൊഴുതന. എങ്ങും പുഴ തന്നെ എന്ന പദത്തിൽ നിന്നാണ് ഈ പേർ സിദ്ധിച്ചതെന്ന് ഐതിഹ്യം. വണ്ണാത്തിപ്പുഴ, ആനോത്ത് പുഴ എന്നിവ ഗ്രാമപഞ്ചായത്തിലൂടെ ഒഴുകുന്ന പുഴകളിൽ ചിലത് മാത്രം. മേൽ പുഴകൾക്ക് നിരവധി കൈവഴികൾ,പ്രതിവർഷ മഴയുടെ ലഭ്യത ജില്ലാ ശരാശരിക്ക് മുകളിൽ. ആയിരത്തിലേറെ കിണറുകൾ,സമൃദ്ധമായ നിത്യഹരിത വനസമ്പത്ത്, കാലാവസ്ഥയുടെ കാവല്ക്കാരനായ പശ്ചിമഘട്ട മലനിരകൾ,ജലസേചന വകുപ്പ് മുഖേനയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേയും നിർമ്മിച്ച കുളങ്ങൾക്ക് പുറമേ സ്വാഭാവിക കുളങ്ങളും, നീർ ചാലുകൾ ട് ജലസ്രോതസ്സുകളുടെ എണ്ണം തീരുന്നില്ല. തീർച്ചയായും സമൃദ്ധവും അനുഗ്രഹഹീതയുമാണ് പൊഴുതന. എന്നിട്ടും നമ്മുടെ നാട് എന്തേ ചില സമയങ്ങളിൽ ജലദരിദ്രയായത്? കുടിവെള്ളത്തിന് എന്തുകൊണ്ട് ചില സമയങ്ങളിൽ പൊതുജനങ്ങൾ കാത്തിരിക്കുന്നു. ദേശീയ ശരാശരിയെക്കാൾ 2.6ഇരട്ടി മഴയാണ് കേരളത്തിൽ ലഭിച്ചിരുന്നത്. നമ്മുടെ സകല തണ്ണീർത്തടങ്ങളും ജലസ്രോതസ്സുകളും ഇന്ന് വറ്റിവരളുന്നു. പുഴകളെല്ലാം അകാലമൃത്യു വരിച്ചുകൊണ്ടിരിക്കുന്നു. വയനാടിന് കുളിർമയും പച്ചപ്പും സമ്മാനിച്ച് കിഴക്കോട്ടൊഴുകുന്ന കബനീ നദിയുടെ കൈവഴികൾ പോലും വറ്റിവരണ്ടിരിക്കുന്നു. ജലസമൃദ്ധമായിരുന്ന കേരളത്തിലെ നദികളുടെ മജ്ജയും മാംസവുമായിരുന്നു മണൽത്തിട്ടകൾ. 10മുതൽ 15അടിവരെ അതിനു കനമുണ്ടായിരുന്നു. ജലജീവികളുടെ പ്രജനകേന്ദ്രങ്ങൾ അവിടെയായിരുന്നു. സ്വാഭാവികവും പ്രകൃതിദത്തവുമായ തടയണകൾ നദികളിലെ മണലായിരുന്നു. ഒഴുക്കിൻറെ നിയന്ത്രണവും അത് അനുസ്യൂതം നടത്തിപ്പോന്നു. ഓർക്കുക, നൂറ്റാണ്ടുകൾ കൊണ്ടുണ്ടായതാണ് ഓരോ പിടി മണലും.

2. ജലമാണ് ജീവൻ:- ഭൂമിയിൽ ജീവൻറെ തുടക്കം ജലത്തിലായിരുന്നു. അതുകൊണ്ടു തന്നെ അതിൻറെ തുടർച്ചയും ജലത്തെ ആശ്രയിച്ചാണിരിക്കുന്നത്. മനുഷ്യജീവിതത്തിൻറെ എല്ലാ ഘട്ടങ്ങളിലും ദേശഭേദമെന്യെ ജലം ഒരു സുപ്രധാന ഘടകമാണ്. മാനത്തു മഴവില്ലു തീർക്കുന്നതും മഴയായും മഞ്ഞായും പെയ്തിറങ്ങുന്നതും ഈ ജലം തന്നെ. 2050ൽ ലോകജനസംഖ്യയിൽ പകുതിയോളം ആളുകൾ കുടിവെള്ള ക്ഷാമത്തിനിരയാകുമെന്നും പ്രവചിക്കപ്പെടുന്നു. ഇന്ന് ലോകജനതയിൽ 110കോടി ആളുകൾക്ക് ശുദ്ധജലം കിട്ടുന്നില്ലെന്ന് ഐക്യരാഷ്ട്രസഭയുടെ റിപ്പോർട്ടിൽ പറയുന്നു.

3. ജലം അപൂർവ്വ വസ്തുവാകുന്നു:- ജലം ഒരപൂർവ്വ വസ്തുവാകുന്ന ഭയാനകമായ സ്ഥിതിയിലേക്ക് ലോകം നടന്നടുത്തുകൊണ്ടിരിക്കുകയാണ്. 2002ൽ ജലത്തിൻറെ ആഗോള പ്രതിശീർഷ ലഭ്യത 3500ഘനമീറ്ററായിരുന്നു. ഓരോ വർഷവും 5ശതമാനം കണ്ട് ഇത് കുറഞ്ഞുവരുന്നു. 500ഘനമീറ്ററിൽ ലഭ്യത കുറഞ്ഞാൽ ജീവിതം അസാധ്യമാകും. യുണൈറ്റഡ് നേഷന്സ് എൻവയൺമെൻറ് പ്രോഗ്രാം (യു.എൻ.ഇ.പി) മുന്നറിയിപ്പു നൽകുന്നത് മാനവരാശി അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന പ്രശ്നങ്ങളിൽ ഒന്നാമത്തേത് ജലദൗർലഭ്യവും രണ്ടാമത്തേത് ആഗോള താപനവുമാണെന്നാണ്. മഴക്കാലത്ത് അധികമായി പെയ്തിറങ്ങുന്ന മഴവെള്ളം പറമ്പിലെ മഴക്കുഴികളിൽ ശേഖരിക്കുക വഴി ഗ്രാമീണ മേഖലയിലെ കിണറുകൾ ജലസമൃദ്ധമാകട്ടെ. നമ്മുടെ ഓരോ ഹെക്ടർ നെൽപ്പാടവും നമുക്ക് അരിയാഹാരവും തൊഴിലും മാത്രമല്ല നൽകുന്നത്. നമ്മുടെ ജലസുരക്ഷ ഉറപ്പിക്കുകയും ചെയ്യുന്നുണ്ട്. ഒരു ഹെക്ടർ വനഭൂമി ഇല്ലാതായാൽ അഞ്ചുലക്ഷം ലിറ്റർ വെള്ളത്തിൻറെ സ്റ്റോറേജാണ് ഇല്ലാതാകുന്നത്. ഒരടി നീളവും വീതിയും ഉയരവുമുള്ള ഒരൊറ്റ ചെങ്കല്ലിനുള്ളിൽ രണ്ട് ലിറ്ററിലേറെ ജലമാണ് സംഭരിക്കപ്പെടുന്നത്. ജലം അമൂല്യമായ ഒരനുഗ്രഹമാണെന്ന് മനസ്സിലാക്കി ജലത്തിൻറെ സുസ്ഥിര വിനിയോഗവും നമ്മുടെ ജലസ്രോതസ്സുകളുടെ സംരക്ഷണവുമൊക്കെ ശീലമാക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്ന സത്യം മനസ്സിലാക്കി പ്രവർത്തിക്കാനുമുള്ള സമയമായിരിക്കുന്നു. മഴവെള്ളം ശേഖരിക്കാം, ഭാവിക്കായി കരുതിവയ്ക്കാം. ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ ഒരുമിച്ചു നില്ക്കാം. ഓരോ തുള്ളി വെള്ളവും അതിൻറെ വിലയറിഞ്ഞ് ചെലവഴിക്കാം.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ**

1. മഴവെള്ളം സംഭരിക്കുന്നതിലുണ്ടായ പരാജയം
2. തണ്ണീർത്തടങ്ങളും ജലസ്രോതസ്സുകളും നശിപ്പിക്കപ്പെടുന്നു
3. രൂക്ഷമായ കുടിവെള്ള ക്ഷാമം

**പ്രശ്ന പരിഹാര സാധ്യതകൾ**

1. നിലവിലുള്ള ജലസ്രോതസ്സുകൾ ആഴം വർദ്ധിപ്പിച്ചും തടയണ നിർമ്മിച്ചും വശഭിത്തി കെട്ടിയും സംരക്ഷിക്കുക
2. മേൽക്കൂരകളിൽ നിന്നുള്ള വെള്ളം റീചാർജ്ജ് ചെയ്ത് കിണറുകളിൽ എത്തിക്കുക
3. ചെറുകിട കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുക
4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്തി കിണർ റീചാർജ്ജിംഗ്, തടയണ നിർമ്മാണം, മൺ കയ്യാല നിർമ്മാണം, ജലസ്രോതസ് സംരക്ഷണം എന്നിവ നടപ്പാക്കുക

**ശുചിത്വം, മാലിന്യ സംസ്ക്കരണം**

1. രണ്ടു പതിറ്റാണ്ടിനു മുമ്പ് കേരളത്തിൽ മാലിന്യപ്രതിസന്ധി ഒരു ചർച്ചാ വിഷയമായിരുന്നില്ല. ഓരോ കേരളീയനും പ്രതിദിനം ശരാശരി കാൽ കിലോ മാലിന്യം ഉല്പാദിപ്പിക്കുന്നു. ഇത് കോർപാറേഷനുകളിൽ ഏതാണ്ട് 465ഗ്രാമും പഞ്ചായത്തുകളിൽ 190ഗ്രാമും ആണ്. പ്രതിദിനം കോർപറേഷനുകളിൽ 1683ടണ്ണും മുൻസിപ്പാലിറ്റികളിൽ 758ടണ്ണും പഞ്ചായത്തുകളിൽ 4565ടണ്ണും മാലിന്യം ഉല്പാദിപ്പിക്കപ്പെടുന്നു എന്നാണ് കണക്ക്. ഓരോ വർഷാവും 1.4ശതമാനം വീതം മാലിന്യം വർദ്ധി ക്കുന്നു എന്നാണ് വിദഗ്ധ മതം. അതുപ്രകാരം ഇപ്പോൾ കേരളത്തിലെ പ്രതിദിന മാലിന്യ ഉല്പാദനം ഏതാണ്ട് 8000ടണ്ണാണ്. ഇതിൻറെ എഴുപതു ശതമാനവും ജൈവ മാലിന്യമാണ്. ജൈവമാലിന്യത്തിൽ സിംഹഭാഗവും ചീഞ്ഞളിയുന്ന ഭക്ഷണാവശിഷ്ടങ്ങൾ,പച്ചക്കറിയുടെയും പഴത്തിൻറെയും അവശിഷ്ടങ്ങൾ,ചാണകം, മത്സ്യ മാംസാദികൾ തുടങ്ങിയവയാണ്. ഇവ ദുർഗന്ധമുണ്ടാക്കുന്നു. എലിയും പാറ്റയും കാക്കയും പെരുകാനിടയാക്കുന്നു. ഇതിൻററെ ഫലമായി പകർച്ചപ്പനിയും പേവിഷബാധ പോലുള്ള ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നു. ഉള്ളിത്തൊലി, മുട്ടത്തോട്, കരിയില, ചിരട്ട, ഓല, തൊണ്ട്, മടൽ തുടങ്ങിയ ചീഞ്ഞളിയാത്ത ജൈവമാലിന്യങ്ങൾ നീരൊഴുക്കു തടഞ്ഞ്, മഴവെള്ളവും ഓടവെള്ളവും കെട്ടിനില്ക്കാകനും കൊതുകു വളരാനും ഇടയാക്കുന്നു.

2. ഗാർഹിക മാലിന്യം വീട്ടുവളപ്പിലെ തെങ്ങിൻറെയോ വാഴയുടെയോ ചുവട്ടിൽ ഇടുന്നതായിരുന്നു നമ്മുടെ പതിവ്. ഇങ്ങനെ അവ അടുക്കളകൃഷിയക്ക് വളമായി. അന്ന് പ്രകൃതിക്ക് ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിലുള്ളതായിരുന്നു നമ്മുടെ അടുക്കള മാലിന്യം. അതിൻറെനെ അളവും അത്രയേ ഉണ്ടായിരുന്നുള്ളൂ. കാലം മാറി. നഗരത്തിലെ ആൾപ്പാർപ്പ് കൂടി. ഒഴിഞ്ഞസ്ഥലങ്ങളില്ലാതെയായി. തൊടിയിലെ വിളകൾ വരുമാന മാർഗ്ഗമല്ലാതെയായി. നാം വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ സ്വഭാവം കൂടി മാറിയതോടെ ഗാർഹികകമാലിന്യങ്ങളുണ്ടാക്കുന്ന പ്രശ്നങ്ങൾ രൂക്ഷമായി.

3. ഉപ്പുവരെ എന്തും പ്ലാസ്റ്റിക് കവറുകളിൽ പൊതിഞ്ഞതാണ് നാം വാങ്ങുന്നത്. പിന്നെ ചോറും കറിയും പ്ലാസ്റ്റിക്കും പച്ചക്കറിയുടെ അവശിഷ്ടവുമൊക്കെ അതേ കിറ്റിൽ കെട്ടി പൊതുനിരത്തിൽ തള്ളും. മാറിയ കാലത്തിനൊത്ത ചില ചിട്ടകൾ വേണമെന്നും ചില മാർഗ്ഗങ്ങൾ സ്വീകരിക്കണം എന്നും ആരും ആലോചിച്ചില്ല. മാലിന്യത്തിൻറ്െ അളവു വർദ്ധിക്കുക മാത്രമല്ല അവ സംസ്കരിക്കപ്പെടാതെ നാട്ടിലെമ്പാടും വലിച്ചെറിയപ്പെടുന്നു. തൽഫലമായി പടിയടച്ച് പുറത്താക്കിയ പല മഹാമാരികളും കേരളത്തിലേക്ക് തിരിച്ചെത്തി നമ്മുടെ പൊതുജനാരോഗ്യ സംവിധാനത്തിന് കനത്ത വെല്ലുവിളിയായി. തോടുകളും കുളങ്ങളും കനാലുകളുമൊക്കെ രോഗവാഹികളായി മാറി. എല്ലാ മഴക്കാലവും പകർച്ച വ്യാധികളുടെ കാലമായി മാറുകയാണ്.

4. വികസിതരാജ്യങ്ങൾക്കൊപ്പം കിടപിടിക്കുന്ന ആയുസ്സും ആരോഗ്യവും കൈവരിച്ച നാട്ടിലാണ് ഈ അവസ്ഥ എന്നോർക്കണം. എച്ച് വൺ എൻ വൺ പോലെ അപരിചിതമായ പകർച്ചവ്യാധികൾ കടന്നുവന്നു. കോളറയും ജ്വരവും തിരിച്ചെത്തി. വയറിളക്കരോഗങ്ങൾ സാർവ്വത്രികമായി. ശിശുമരണനിരക്ക് പന്ത്രണ്ടും ജീവിതായുസ്സ് 76ഉം ആയിരിക്കുന്ന നാട്ടിൽ ഇത്തരം ഒരു രോഗാതുരത ഒരു പ്രഹേളികയാണ്. ഇതിനു കാരണം മാലിന്യജന്യം അല്ലെങ്കിൽ പരിസ്ഥിതി തകർച്ച മൂലമുള്ള രോഗങ്ങളാണ്.

5. മാലിന്യ സംസ്കരണം രണ്ടു പതിറ്റാണ്ടിൻറെ അനുഭവം: ശുചിത്വ പ്രസ്ഥാനമെന്നാൽ എല്ലാ വീട്ടിലും കക്കൂസ് എത്തിക്കുക എന്ന ധാരണയാണ് ഉണ്ടായിരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാത്രമല്ല, കേന്ദ്രസർക്കാരിൻറ്െ നിർമ്മൽ പദ്ധതിയിലും ഇതുതന്നെയായിരുന്നു ഊന്നൽ. ഇക്കാര്യത്തിൽ നാം ലക്ഷ്യം ഏതാണ്ട് കൈവരിച്ചു. പക്ഷേ, നാം പ്രോത്സാഹിപ്പിച്ച കുഴിക്കക്കൂസുകൾ ഭൂഗർഭം ജല സ്രോതസുകളെ മലിനീകരിച്ചു. ഇതൊരു വലിയ പാരിസ്ഥിതിക പ്രശ്നമായി കേരളത്തിൽ ഉയർന്നു വന്നുകൊണ്ടിരിക്കുകയാണ്. കുഴിക്കക്കൂസുകളെല്ലാം സെപ്റ്റിക് ടാങ്കുകളാക്കിയാലും പ്രശ്നം തീരില്ല. കേരളത്തിലെങ്ങും സെപ്റ്റേജ് ട്രീറ്റ്മെൻറ്ി സൗകര്യമില്ല. ഇകോളിയുടെ സാന്നിധ്യം എല്ലാ ജലാശയങ്ങളിലും വർദ്ധിക്കുന്നതിനു കാരണം ഇതാണ്.

6. ഉല്പാദിപ്പിക്കുന്ന മാലിന്യമത്രയും സംസ്കരിച്ച് വൃത്തിയാക്കാം എന്ന സമീപനമല്ല സ്വീകരിക്കേണ്ടത്. ഉല്പാദനം പരമാവധി കുറയ്ക്കണം സാധ്യമായവ മുഴുവൻ പുനരുപയോഗിക്കണം, ബാക്കിയുള്ളവ വീണ്ടും രൂപാന്തരപ്പെടുത്തി ഉപയോഗിക്കണം. മാലിന്യത്തിൻറ്െ അനാവശ്യ ഉപഭോഗം കുറയ്ക്കുക തന്നെ വേണം. അങ്ങനെ കുറയ്ക്കുന്നതു കൊണ്ട് നമ്മുടെ ജീവിതഗുണതയ്ക്ക് ദോഷകരമായി ഒന്നും സംഭവിക്കുകയില്ല. മറിച്ച് മെച്ചപ്പെടുകയാണ് ചെയ്യുക. അതിന് അനാവശ്യമായ ചില വസ്തുക്കളും രീതികളും നിരസിക്കണം. പൊങ്ങച്ച ചരക്കുകളുടേയും അപകടകാരികളായ വസ്തുക്കളുടേയും ഉപയോഗം നിരസിക്കാം.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ**

1. മാലിന്യം സംസ്കരണ പ്രവർത്തനങ്ങളിലെ പോരായ്മ
2. പ്ലാസ്റ്റിക് മാലിന്യങ്ങളുടേയും മറ്റ് അജൈവ മാലിന്യങ്ങളുടേയും വർദ്ധനവ്
3. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ നശിപ്പിക്കാതെ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത്

**പ്രശ്ന പരിഹാര സാധ്യതകൾ**

1. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പ്രശ്നവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക
2. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുക
3. മാലിന്യ നിക്ഷേപത്തിനെതിരെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക

**പ്രശ്ന പരിഹാര സാധ്യതകൾ – ഒറ്റനോട്ടത്തിൽ**

| ക്രമ നമ്പർ | പ്രശ്നങ്ങൾ | പരിഹാര സാധ്യത |
|---|---|---|
| 1 | കമ്പ്യൂട്ടർവൽക്കരണത്തിൻറെ അഭാവം | ഗ്രാമപഞ്ചായത്ത് ഓഫീസ്, പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക |
| 2 | രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം | രേഖകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഗവ. തലത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ലഭ്യമാക്കുക, ആവശ്യമായ ഫണ്ട് ലഭ്യമാക്കുക |
| 3 | അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം | ആവശ്യമായ ഫണ്ട് ലഭ്യമാക്കുക |
| 4 | കന്നുകാലി വളർത്തൽ – ഉൽപാദനചെലവിലെ വർദ്ധന | ഗുണമേൻമയുള്ള തീറ്റയുടെ ലഭ്യതകുറവും വിലക്കയറ്റവും |
| 5 | രോഗാതുരതയും ഉൽപ്പാദനകുറവും വളർത്തുമൃഗങ്ങളിൽ | വിലകൂടിയ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുക |
| 6 | ചെറുകിട വ്യവസായങ്ങൾക്ക് മതിയായ ഫണ്ടിൻറെ അഭാവം | ആവശ്യമായ ഫണ്ട് ലഭ്യമാക്കുക |
| 7 | റോഡിലെ ഡ്രെയിനേജ് പ്രശ്നങ്ങൾ | നീർവാർച്ച ഉറപ്പുവരുത്തുക, ഓടകൾ പണിയുക |
| 8 | വ്യക്തിഗത ഗുണഭോക്താക്കൾ വർദ്ധിച്ച നിരക്കിലുള്ള ധനസഹായം അർഹിക്കുന്നു. സാധന സാമഗ്രികളുടെ വിലക്കയറ്റം മൂലം ഭവന നിർമ്മാണ/പുനരുദ്ധാരണം പ്രവൃത്തികൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നു. | സബ്സിഡി തുക വർദ്ധിപ്പിക്കുക |
| 9 | വനിതകൾക്ക് സാമ്പത്തിക മേ ലഭ്യമാക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിയുന്നില്ല | ശരിയായ വിധത്തിലുള്ള മാർഗ്ഗ നിർദ്ദേശം, അവ ഉപയോഗപ്പെടുത്തുന്നതിൻറെ കുറവ് |
| 10 | വികലാംഗർക്ക് ആവശ്യമായ പ്രോജക്ട് രൂപീകരിക്കപ്പെടുന്നില്ല | ശരിയായ വിധത്തിലുള്ള മാർഗ്ഗ നിർദ്ദേശം, അവ ഉപയോഗപ്പെടുത്തുന്നതിൻറെ കുറവ് |
| 11 | ഭവന നിർമ്മാണത്തിന് വർദ്ധിപ്പിച്ച നിരക്കിൽ ധനസഹായം നൽകാത്തത് പദ്ധതി നടത്തിപ്പിന് പ്രതികൂലമായി | വർദ്ധിപ്പിച്ച നിരക്കിൽ ധനസഹായം നൽകുക |
| 12 | ഭവന രഹിതരുടെ പ്രശ്നങ്ങൾ | ആവശ്യമായ ഫണ്ട് ലഭ്യമാക്കുക |

| | | |
|---|---|---|
| 13 | പൂർത്തീകരിക്കാത്ത വീടുകൾ | ഇടനിലക്കാരെ ഏൽപ്പിക്കുന്നത് കൊണ്ട് |
| 14 | വൈദ്യുതീകരിക്കാത്ത വീടുകൾ | ആവശ്യമായ ഫണ്ട് ലഭ്യമാക്കുക |
| 15 | കക്കൂസ് ഇല്ലാത്ത വീടുകൾ | ആവശ്യമായ ഫണ്ട് ലഭ്യമാക്കുക |
| 16 | ശുദ്ധജലം ഇല്ലാത്ത കോളനികൾ | ആവശ്യമായ ഫണ്ട് ലഭ്യമാക്കുക |
| 17 | നടപ്പാതകൾ നിർമ്മിക്കാൻ സാധിക്കാത്തത് | ആവശ്യമായ ഫണ്ട് ലഭ്യമാക്കുക |
| 18 | 4 അംഗൻവാടികൾക്ക് സ്ഥലം കണ്ടെത്തൽ | ഭൂമി സംഭാവനയായി ലഭിക്കാനുള്ള സാധ്യത കുറവ് |
| 19 | പകർച്ചവ്യാധി നിയന്ത്രണം (സംയുക്തം) | സാമൂഹ്യ പരിസ്ഥിതി പ്രശ്നങ്ങൾ |
| 20 | പെയിൻ &പാലിയേറ്റീവ് | മാറാരോഗങ്ങൾ, കിടപ്പിലായവർ |
| 21 | ജീവിതശൈലി രോഗനിയന്ത്രണം (സംയുക്ത സംരംഭം) | ജീവിതശൈലിയിലുള്ള മാറ്റങ്ങൾ |

# അദ്ധ്യായം 4

## വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

1. **പൊതുഭരണവും ധനകാര്യവും (കണക്കുകൾ,രേഖകൾ എന്നിവ തയ്യാറാക്കൽ,ഭരണം മെച്ചപ്പെടുത്തൽ,മുതലായവ)**

പൂർണ്ണമായ കമ്പ്യൂട്ടർ വൽക്കരണം, ലഭ്യമായ മനുഷ്യ വിഭവ ശേഷി പരമാവധി പ്രയോജനപ്പെടുത്തൽ,ഫ്രണ്ട് ഓഫീസ് നവീകരിച്ച് കാര്യക്ഷമമാക്കുക എന്നതിലൂടെ മെച്ചപ്പെട്ട ജനസേവനം ഉറപ്പ് വരുത്തുന്നു. പഞ്ചവൽസര പദ്ധതി കാലയളവിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കി നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിന്നതാണ്. പൊതുഭരണം അഴിമതി വിമുക്തമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുജനസേവന സൗകര്യങ്ങൾ സുതാര്യമാക്കി സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതാണ്.

ആധുനിക വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സേവനങ്ങൾ ഗുണഭോക്താവിൻറെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനലൂടെ ഗ്രാമപഞ്ചായത്തിനെ മികച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ പട്ടികയിൽ എത്തിക്കുന്നതിന് സാധിക്കും

2. **കൃഷി (ഉൽപ്പന്ന സംഭരണവും സംസ്ക്കരണവും വിപണനവും ഉൾപ്പെടെ) മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം മുതലായവ**

കാർഷിക മേഖലയിൽ ഉൽപ്പാദന വർദ്ധനവ്, ഗുണമേ9 ഉറപ്പു വരുത്തൽ,വിപണന സൗകര്യങ്ങൾ ഒരുക്കൽ,കർഷക കൂട്ടായ്മ രൂപപ്പെടുത്തൽ ഇതിനായി കർഷകരുടെ കൂട്ടായ്മ ശക്തിപ്പെടുത്തുക, സംഘകൃഷി പ്രോത്സാഹിപ്പിക്കുക, ജലസേചനസൗകര്യങ്ങൾ ഒരുക്കുക, മുന്തിയ നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സംയോജിത നിയന്ത്രണം, സംയോജിത വളപ്രയോഗം, ജലസേചനം, നിരോധിച്ച രാസകീടനാശിനി പ്രയോഗം ഇല്ലാതാക്കൽ,മണ്ണ് ജലം ജൈവ സമ്പത്ത് സംരംക്ഷിക്കുക ഇതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക. നീർത്തടാധിഷ്ഠിത വികസന സാദ്ധ്യത പ്രയോജനപ്പെടുത്തുക

1. കാർഷിക കർമ്മസേന, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ ഗ്രൂപ്പുകൾ എന്നിവയെ പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിനെ തരിശ് രഹിതമാക്കാവുന്നതാണ്

2. ജൈവവള-ജൈവ കീടനാശിനി പ്രയോഗത്തിലൂടെ കാർഷിക വിളകളെ വിഷവിമുക്തമാക്കുന്നതിനായുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

3. യുവതലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

4. പച്ചക്കറിയുടെ ആവശ്യകതയിൽ സ്വയംപര്യാപ്തതയിലേക്ക് നീങ്ങുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിക്കാവുന്നതാണ്

5. ഗ്രാമപഞ്ചായത്തിന് ആവശ്യമായ ജൈവ വളവും ജൈവ കീടനാശിനിയും തദ്ദേശീയമായി നിർമ്മിക്കാവുന്നതാണ്

6. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും സൗകര്യം ഒരുക്കുക

